പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1566

05.12.2014-ൽ മറുപടിക്ക്

പൊതു സ്ഥലങ്ങളിലെ പരസ്യപ്രദർശനം

ചോദ്യം

ശ്രീ. കെ.എം. ഷാജി

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുനിരത്തുകളിലെ വൈദ്യൂതി കാലുകളിലും പൊതു സ്ഥലങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അടുത്ത കാലത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുനിരത്തുകളിലെ വൈദ്യൂതി കാലുകളിലും, പൊതു സ്ഥലങ്ങൾ കൈയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്ത് പകരം സംവിധാനം ഏർപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. പൊതു നിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനീയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർ നടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>2. പൊതുനിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് മുമ്പ് കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതികൂടി ക്ലീൻ കേരളാ കമ്പനി നേടേണ്ടതും സുരക്ഷാ കാരണങ്ങളാൽ ഇലക്ട്രിക്ക് പോസ്റ്റിൽ പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ആർക്കൊക്കെ വീതിച്ചു നൽകുന്നതിനാണ് തീരുമാനം എടുത്തിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | 06.11.2014 ലെ സ.ഉ.(കൈ) നം.194/2014/തസ്വഭവ നമ്പർ ഉത്തരവിൽ പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പൊതു നിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ